"ഭരണഭാഷ- മാതൃഭാഷ"

Office of ... LSGD, Thiruvananthapuram 12/2/21

8768 14/07/21

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കണ്ണൂർ മുനിസിപ്പാലിറ്റിയിലെ അനധികൃത നിർമാണം - ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ട് - ശ്രീ.ജോസ് മാത്യു.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (റിട്ട.)-ന്റെ സസ്പെൻഷൻ കാലാവധി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1216/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 25/06/2021

പരാമർശം:- 1 05.06.2014 തീയതിയിലെ സ.ഉ (സാധാ) 1417/2014/തസ്വഭവ നം. ഉത്തരവ്.

2 18.12.2014 തീയതിയിലെ സ.ഉ (സാധാ) 3367/ 2014/തസ്വഭവ നം. ഉത്തരവ്.

3 19.01.2019 തീയതിയിലെ സ.ഉ (സാധാ) 94/2019/തസ്വഭവ നം. ഉത്തരവ്.

4 തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 22.01.2020 തീയതിയിലെ E1/6257/16/CE/LSGD നമ്പർ കത്ത്.

<u>ഉത്തരവ്</u>

കണ്ണൂർ മുനിസിപ്പാലിറ്റിയിലെ അനധികൃത നിർമാണം സംബന്ധിച്ച ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജോസ് മാത്യു.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറെ പരാമർശം 1 സർക്കാർ ഉത്തരവ് പ്രകാരം അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യുകയും അച്ചടക്ക നടപടിക്ക് വിധേയമായി പരാമർശം 2 സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ചെയ്യുകയുണ്ടായി. ടിയാനെതിരെ കെഎസ്.ആർ ഭാഗം III ചട്ടം 3 (a) അനുസരിച്ചുള്ള നടപടി ആരംഭിക്കുകയും ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ ഒരു വർഷത്തേക്ക് കുറവ് ചെയ്തുകൊണ്ട് പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം ആയത് തീർപ്പാക്കുകയുമുണ്ടായി.

സസ്പെൻഷൻ കാലയളവ് ക്രമവത്കരിക്കുന്നതിനായി ശ്രീ.ജോസ് മാത്യു.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ചീഫ് എൻജിനീയറുടെ കാര്യാലയം മുഖേന അപേക്ഷ സമർപ്പിക്കുകയും പരാമർശം 4 പ്രകാരം ചീഫ് എൻജിനീയർ പ്രൊപ്പോസൽ സർക്കാരിലേക്ക് സമർപ്പിക്കുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ജോസ് മാത്യു.ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടെ (റിട്ട.) 05.06.2014 മുതൽ 17.12.2014 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ

ഉപജീവനബത്തയിൽ നിജപ്പെടുത്തി പെൻഷന് മാത്രം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. 18.12.2014 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള കാലയളവ് KSRs Part I Rule 56 B (9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
അണ്ടർ സെക്രട്ടറി

പകർപ്പ് :-

1.ശ്രീ.ജോസ് മാത്യു ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ (റിട്ട.)(തസ്വഭവ ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2.ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്) കേരള.
4.തദ്ദേശസ്വയംഭരണ (ഇഡബ്ല്യുഎ -3) വകുപ്പ്.

5.വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
6.കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by Sreekanth G
Date: 28-06-2021 10:39:41
Reason: Approved
സെക്ഷൻ ഓഫീസർ

Endt No: E1/11253/16/CE/LSGD dated: 30/09/2021

This Government Order is forwarded to Sri Jose Mathew. T (Rtd AEE) through the official website, for information and directed to submit the option/declaration form along with the application for Time Bound Higher Grade.

To,
Sri. Jose Mathew. T (Rtd AEE)
Thudiyanplackal (H)
Edappady P.O
Pala - 686578

Administrative Assistant